ഞാൻ ചെയ്ത ഒരു നടപടിയെ സംബന്ധിച്ച് പറയുകയാണ്. അതുകൊണ്ട് ഭൂമി കൊടുക്കുന്നതിനുവേണ്ടിയെടുത്ത നടപടി എല്ലാവരും കൂട്ടായി ആലോചിച്ച് തീരുമാനിച്ച് നടപ്പിലാക്കിയ കാര്യമാണ്. ഇന്നത്തെ അവസ്ഥയിൽ നമ്മുടെ സാമൂഹികബോധനിലവാരവും കാലവും മാറുന്നതനുസരിച്ച് കാര്യങ്ങൾ മനസ്സിലാക്കാനും അതിന് അനുരോധമായ സമീപനം എടുക്കാനും സന്നദ്ധമായിക്കഴിഞ്ഞാൽ മാത്രമേ ഇത്തരം കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയൂ. അങ്ങനെ കാലോചിതമായി വന്ന മാറ്റങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചില നയങ്ങൾ എടുത്തിട്ടുണ്ട്. അതിൽ ഭരണ-പ്രതിപക്ഷ കക്ഷി വ്യത്യാസമില്ലാതെ എല്ലാവരും സഹകരിച്ചിട്ടുണ്ട്. അങ്ങനെ എല്ലാവരുടേയും സഹകരണത്തോടു കൂടിയാണ് ഇത് നടപ്പിലാക്കാൻ ശ്രമിച്ചിട്ടുള്ളത്. അത്തരം കൂട്ടായ പ്രവർത്തനം കാരണമാണ് മറ്റ് എല്ലാ സംസ്ഥാന നിയമസഭകൾക്കും മാതൃകയാകാൻ നമുക്ക് സാധിച്ചിട്ടുള്ളത്. യോജിച്ച പ്രവർത്തനങ്ങൾക്ക് മുൻകൈയെടുത്ത് നേതൃത്വപരമായ പങ്ക് വഹിച്ച് അഭിമാനം സൃഷ്ടിക്കുന്നതിൽ സ്പീക്കർ വഹിച്ച പങ്ക് ഒരു കാരണവശാലും നമുക്ക് വിസ്മരിക്കാൻ സാധിക്കുകയില്ല. ഈ നിലയിൽ ഇതിനെ വളർത്താനും മുന്നോട്ടുകൊണ്ടുപോകാനും തുടർന്നുള്ള സഭകൾക്കും കഴിയട്ടെ. ഇത് ഒരു നല്ല കീഴ്വഴക്കമാണ് സ്പീക്കറുടെ എല്ലാ നല്ല പ്രവർത്തനങ്ങളേയും അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

V നിയമസഭാ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

(1) പ്രധാനമന്ത്രിയുടെ കുമരകം പാക്കേജ് നടപ്പിലാക്കേണ്ടത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : പ്രധാനമന്ത്രിയുടെ കുമരകം സന്ദർശനവേളയിൽ 30-12-2000-ന് ഞാൻ അദ്ദേഹത്തെ സന്ദർശിച്ച് സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ആവശ്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകുകയുണ്ടായി. കേരളത്തിൽ വിവിധ വികസന പദ്ധതികളെ സംബന്ധിച്ച് മന്ത്രിസഭായോഗം തയ്യാറാക്കിയ നിവേദനം 27-4-2000-ന് ന്യൂ ഡൽഹിയിൽ വച്ച് ഞാൻ നേരിട്ട് പ്രധാനമന്ത്രിക്ക് നൽകിയിരുന്നു. ഞാൻ നൽകിയ കത്തിൽ 27-4-2000-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലെ വിവിധ ആവശ്യങ്ങൾക്കുള്ള അനുമതിയും കേന്ദ്രസഹായവും വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ടു. കൂടാതെ കാർഷിക വിളകളുടെ, വിശേഷിച്ച് നാളികേരം, റബ്ബർ എന്നീ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുവാനും കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽനിന്നും കൂടുതൽ വിദേശ വിമാന സർവ്വീസുകൾക്ക് അനുമതി നൽകുന്നതിനും തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കണ്ണൂർ വിമാനത്താവളം അനുവദിക്കുന്നതിന് നടപടിയുണ്ടാകണമെന്നും പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. 31-12-2000-ൽ പ്രധാനമന്ത്രി താഴെപ്പറയുന്ന പ്രഖ്യാപനങ്ങൾ നടത്തി.

12 NOON]

LIBRARY ARCHIVES Kerala Legislative Assembly

1. സംസ്ഥാന സർക്കാരുമായി സഹകരിച്ച് സംഭരണശേഷി പരിഗണിച്ച് ഈ സീസൺ മുതൽ ഉയർന്ന വില നൽകി കൂടുതൽ കൊപ്ര സംഭരിക്കും. നാളികേരോല്പാദനം, കീടബാധയിൽനിന്നുള്ള സംരക്ഷണം, സംഭരണം, വിപണനം, വൈവിധ്യവൽക്കരണം തുടങ്ങിയ കാര്യങ്ങളിൽ സാങ്കേതിക സഹായം നൽകാനായി 'കോക്കനട്ട് ടെക്നോളജി മിഷൻ' ആരംഭിക്കും.

2. ഇപ്പോഴുള്ളതിനേക്കാൾ ഉയർന്ന സംഭരണവില നൽകി 20,000 ടൺ റബ്ബർ സംഭരിക്കും. റബ്ബറിനെ കാർഷികോല്പന്നങ്ങളുടെ പട്ടികയിൽപ്പെടുത്താനായി ലോകവ്യാപാര സംഘടനയുമായി ചർച്ച നടത്തുകയും അതിന്റെ വ്യവസ്ഥകൾ പ്രകാരം റബ്ബർ ഇറക്കുമതി ഒഴിച്ചുകൂടാനാകാതെ വന്നാൽ ഇറക്കുമതി റബ്ബറിന് തീരുവ ചുമത്തും.

3. ഈ വർഷം ഓഗസ്റ്റ് 15-ന് മുൻപ് കൊച്ചി രാജ്യാന്തര വിമാന താവളത്തിൽനിന്നും കൂടുതൽ വിദേശ വിമാനസർവ്വീസുകൾക്ക് അനുമതി നൽകും. ഇത് ഗൾഫ് മലയാളികൾക്കും യൂറോപ്യൻ യാത്രക്കാർക്കും പ്രയോജനപ്രദമായിരിക്കും.

4. വല്ലാർപ്പാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിനുള്ള അന്തിമ അനുമതി ഉടൻ നല്കും. ഇതോടെ കൊച്ചി തുറമുഖത്തിന്റെ പ്രസക്തി വർദ്ധിക്കുകയും വലിയ കപ്പലുകൾ അടുപ്പിക്കുവാൻ കഴിയുന്ന ഉയർന്ന നിലവാരമുള്ള തുറമുഖമായി മാറുകയും ചെയ്യും.

5. മൂന്നു വർഷത്തിനകം ഷൊർണ്ണൂർ-മംഗലാപുരം റെയിൽപ്പാത പൂർണ്ണമായും ഇരട്ടിപ്പിക്കും. ആന്ധ്രാപ്രദേശ്, കർണ്ണാടക, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുടെ മാതൃകയിൽ റെയിൽവേ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കും. നിശ്ചിത ഓഹരി മുടക്കാനും സംസ്ഥാന സർക്കാർ തയ്യാറായാൽ എറണാകുളം-കായംകുളം പാത ഇരട്ടിപ്പിക്കൽ പദ്ധതി കേന്ദ്രം ഏറ്റെടുക്കും.

6. ടൂറിസം വികസനത്തെ സംബന്ധിച്ച് സംസ്ഥാന സർക്കാർ നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്ന ഏതു പദ്ധതിക്കും കേന്ദ്ര സർക്കാർ പരിപൂർണ്ണ പിൻതുണ നൽകും.

7. ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് സോഫ്റ്റ്വെയർ വികസിപ്പിച്ചെടുക്കാനും വിദേശത്തു നല്കാനുമുള്ള കേന്ദ്രങ്ങൾക്കുൾപ്പെടെ ഈ മേഖലയിലെ സർക്കാർ-സ്വകാര്യ സംരംഭങ്ങൾക്ക് എല്ലാ പിൻതുണയും നൽകും.

LIBRARY ARCHIVES Kerala Legislative Assembly

8. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗത്ത് മികവിന്റെ കേന്ദ്രങ്ങൾ (സെന്റേഴ്സ് ഓഫ് എക്സലൻസ്) സജ്ജീകരിക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ ത്വരിതപ്പെടുത്തും. സംസ്ഥാനത്തെ വിദേശ ഇന്ത്യാക്കാരുടെ സഹായവും ഇക്കാര്യത്തിൽ ആവശ്യമാണ്.

മുകളിൽ സൂചിപ്പിച്ച പ്രഖ്യാപനങ്ങളിലെ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നത വിദ്യാഭ്യാസം, കൃഷി, ഗതാഗതം, ടൂറിസം, ഇൻഫർമേഷൻ ടെക്നോളജി എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരുമായി 8-1-2001-ൽ ചർച്ച നടത്തുകയുണ്ടായി. ഇതനുസരിച്ച് മേൽ സൂചിപ്പിച്ച വകുപ്പുകൾ പ്രധാനമന്ത്രി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഈ കാര്യം പാർലമെന്റിൽ ഉന്നയിക്കുന്നതിനും നേടിയെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ പാർലമെന്റംഗങ്ങളോട് 12-2-2001-ൽ കൂടിയ യോഗത്തിൽ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കോക്കനട്ട് ടെക്നോളജി മിഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. കേരളത്തിലെ വിനോദസഞ്ചാര വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി പ്രധാനമന്ത്രി കേന്ദ്രസഹായം വാഗ്ദാനം ചെയ്തതിനെത്തുടർന്ന് കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സഞ്ചരിക്കാൻ പാകത്തിൽ ഒരു ജലപാത സജ്ജീകരിക്കുന്നതിനായി 154.67 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കി ടൂറിസം വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. കാർഷിക മേഖലയിലും മറ്റ് മേഖലകളിലും പ്രധാനമന്ത്രി പ്രഖ്യാപിച്ച പാക്കേജ് നടപ്പിലാക്കുന്നതുമൂലം നാടിന്റെ സമഗ്രമായ വികസനം പ്രതീക്ഷിക്കുന്നു. എന്നാൽ പ്രധാനമന്ത്രി പ്രഖ്യാപിച്ച പാക്കേജ് നടപ്പിലാക്കുന്നതിന് അനുകൂലമായ എന്തെങ്കിലും നടപടികൾ ഇതേവരെ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഉണ്ടായിട്ടില്ല എന്ന വസ്തുതയും ഈ സന്ദർഭത്തിൽ ഈ സഭയെ ഖേദപൂർവ്വം അറിയിക്കുകയാണ്. ഈ സംസ്ഥാനം സന്ദർശിച്ച വേളയിൽ നമ്മോട് പ്രകടിപ്പിച്ച സൗമനസ്യവും സൗഹാർദ്ദവും തദ്നന്തരമുണ്ടായ പ്രഖ്യാപനവും പ്രവൃത്തി പഥത്തിൽ കൊണ്ടുവരാൻ പ്രധാനമന്ത്രി പ്രത്യേകം താൽപ്പര്യമെടുക്കുമെന്ന് ഞാൻ വീണ്ടും പ്രത്യാശിക്കുന്നു. പ്രധാനമന്ത്രിയുടെ ഭാഗത്തുനിന്നും എത്രയും വേഗം ആ ദിശയിൽ നടപടികളുണ്ടാകണമെന്ന് ഈ സഭയും ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു.

(2) പുതിയ താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിൽ സമഗ്രമായ പുന:സംഘടന നടപ്പാക്കിവരികയാണ്. ആദ്യപടിയായി റവന്യൂ ബോർഡ് നിർത്തലാക്കി. ജോലിഭാരം കുറഞ്ഞ പല ഓഫീസുകളും

12 noon]

LIBRARY ARCHIVES Kerala Legislative Assembly